**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3875** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ, മിന്നൽ, ഡീലക്സ് ശ്രേണിയിൽപ്പെട്ട ദീർഘദൂര സർവീസുകൾക്ക് കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും കുറ്റിപ്പുറത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ സർവീസുകൾ ഒഴികെയുള്ള മറ്റ് എല്ലാ തരം സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. കൂടാതെ രാത്രികാലത്ത് 10.00 മണി മുതൽ 06.00 മണി വരെ കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ ഒഴികെയുള്ള ബസ്സുകൾ യാത്രക്കാരുടെ ആവശ്യപ്രകാരം ഏത് സ്ഥലത്തും സുരക്ഷിതമായി നിർത്തി നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ദീർഘദൂര ബൈപ്പാസ് റൈഡർ, ഡീലക്സ് ബസ് സർവീസുകളിൽ ഫെയർസ്റ്റേജ് ബുക്കിംഗ് സൗകര്യം പുതുതായി ഏർപ്പെടുത്തുന്നതിന് പുതിയ വളാഞ്ചേരി ബൈപ്പാസ് നിർമ്മാണവും സർവീസുകളുടെ ക്രമീകരണവും കൂടി പരിശോധിച്ച് സാധ്യത പഠനം നടത്തി മാത്രമേ തീരുമാനം എടുക്കുവാൻ നിർവാഹമുള്ളൂ. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ലഭ്യമായിട്ടുണ്ട്.<br><br>പുതിയ വളാഞ്ചേരി ബൈപ്പാസ് നിർമ്മാണവും സർവീസുകളുടെ ക്രമീകരണവും കൂടി പരിശോധിച്ച് സാധ്യത പഠനം നടത്തി മാത്രമേ തീരുമാനം എടുക്കുവാൻ നിർവാഹമുള്ളൂ എന്നതിനാൽ സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (സി) | ദീർഘദൂര യാത്രികർക്ക് പ്രയോജനപ്പെടുംവിധം കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും അനുവദിച്ച് നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ സർവീസുകൾ ഒഴികെയുള്ള മറ്റ് എല്ലാ തരം സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. കൂടാതെ രാത്രികാലത്ത് 10.00 മണി മുതൽ 06.00 മണി വരെ കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ ഒഴികെയുള്ള ബസ്സുകൾ യാത്രക്കാരുടെ ആവശ്യപ്രകാരം ഏത് സ്ഥലത്തും സുരക്ഷിതമായി നിർത്തി നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ദീർഘദൂര ബൈപ്പാസ് റൈഡർ, മിന്നൽ, ഡീലക്സ് ബസ് സർവീസുകളിൽ ഫെയർസ്റ്റേജ് ബുക്കിംഗ് |

| | | | |
|---|---|---|---|
| | | | സൗകര്യം പുതുതായി ഏർപ്പെടുത്തുന്നതിന് പുതിയ വളാഞ്ചേരി ബൈപ്പാസ് നിർമ്മാണവും സർവീസുകളുടെ ക്രമീകരണവും കൂടി പരിശോധിച്ച് മാത്രമേ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ